(സി) ഇല്ല. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതകൊണ്ടും കമ്പനി ലാഭകരമായി നടത്തുവാൻ സാദ്ധ്യത തീർത്തും നഷ്ടപ്പെട്ടതായി പഠനത്തിലൂടെ തെളിഞ്ഞിരിക്കുന്നതുകൊണ്ടും ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) തീരുമാനിച്ചിട്ടില്ല.

വിമുക്തഭടൻമാർക്കായി ഖാദിബോർഡ് പ്രത്യേകം തൊഴിൽ പദ്ധതി ആവിഷ്കരിക്കാൻ നടപടി

7. [1389] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിമുക്തഭടൻമാർക്കായി ഖാദിബോർഡ് പ്രത്യേക തൊഴിൽ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആൻ" (ബി) വിമുക്തഭടൻമാർക്കായി പ്രത്യേക തൊഴിൻ പദ്ധതി ആവിഷ്ക്കരിക്കാൻ ഖാദിബോർഡ് ഇപ്പോഴം ഉദ്ദേശിക്കുന്നില്ല.

ഖാദി വ്യവസായ മേഖലയിൽ മിനിമം കൂലി

8.[1391] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഖാദി വ്യവസായ മേഖലയിൽ മിനിമം കൂലി നടപ്പാക്കാനുള്ള എന്തെങ്കിലും നിർദ്ദേശങ്ങളോ പരിപാടികളോ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഖാദിമേഖലയിൽ മിനിമം കൂലി ഏർപ്പെടുത്തണമെന്ന് ഖാദി തൊഴിലാളി യൂണിയനുകളിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(ബി) ഖാദി തൊഴിലാളികളുടെ കൂലി നിശ്ചയിക്കുന്നത് അഖിലേന്ത്യാടിസ്ഥാനത്തിൽ ഖാദിഗ്രാമ വ്യവസായ കമ്മീഷന്റെ കോസ്റ്റുചാർജ് പ്രകാരമാണ്. ആയതിനാൽ ഖാദിബോർഡിനോ ഖാദി യൂണിറ്റുകൾക്കോ ഈ മേഖലയിലെ തൊഴിലാളികളുടെ കൂലി പരിഷ്കരിക്കാൻ നിലവിലുള്ള സംവിധാനം അനുവദിക്കുന്നില്ല.

ഖാദിഗ്രാമ വ്യവസായോൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിന് നടപടി

9. [1392] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യത്തിൽ വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഖാദി ഗ്രാമ വ്യവസായ ഉല്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രധാന പട്ടണങ്ങളിലും 'ഖാദിഗ്രാമ സൗഭാഗ്യ'കം ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. അതുപ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, ആലപ്പുഴ, കോട്ടയം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ വില്പനശാലകം ആരംഭിച്ചു കഴിഞ്ഞു. തൃശ്ശൂരിൽ പുതിയ വില്പനശാല ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ എജൻസീവ്യവസ്ഥയിലും ഭവനകം അനുവദിച്ച് വരുന്നുണ്ട്. ഖാദി ഉല്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി ട്രേഡ് നെയിം നൽകി ആകർഷകമായ പാക്കിംഗോടുകൂടി ഉല്പന്നങ്ങം വിപണിയിലെത്തിക്കുന്നതിനുള്ള നടപടികം സ്വീകരിച്ചിട്ടുണ്ട്. ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങളെ വില്പന നികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ഖാദി തുണിത്തരങ്ങൾക്ക് വർഷം മുഴുവനും സർക്കാരും ഖാദി കമ്മിഷനും യഥാക്രമം 10-ം 15-ം ശതമാനവു റിബേറും നൽകുന്നത് കൂടാതെ ഉത്സവവേളകളിൽ പ്രത്യേക റിബേറും നൽകുന്നുണ്ട്. സംസ്ഥാനത്തെ 3 മേഖലകളായി തിരിച്ച് ഓരോ മേഖലയ്ക്കും സഞ്ചരിക്കുന്ന വില്പനശാല ഏർപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

ഖാദി ഗ്രാമ വ്യവസായ ബോർഡിനുവേണ്ടി സ്ഥലം വാങ്ങിയതിലെ ക്രമക്കേട്

10. [1394] ശ്രീ. ഇ. ശങ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഖാദിഗ്രാമ വ്യവസായ ബോർഡിന്റെ എറണാകുളം ജില്ലാ ആഫീസിന് സ്വന്തമായി കെട്ടിടം ഉണ്ടോ ;

(ബി) ഇല്ലെങ്കിൽ എറണാകുളത്ത് സ്വന്തമായി കെട്ടിടം പണിയുന്നതിന് സ്ഥലം വാങ്ങിയിരുന്നോ ;

(സി) എങ്കിൽ ആരിൽനിന്നാണ് സ്ഥലം വാങ്ങിയത് എന്നും, എന്നാണ് വാങ്ങിയതെന്നും വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത ഭൂമിയുടെ ഉടമസ്ഥനു തന്നെ ഭൂമി വീണ്ടും വിൽക്കുകയും പിന്നീട് ബോർഡ് തിരികെ വാങ്ങുകയും ചെയ്തിട്ടുള്ളത് സർക്കാരിന്റെ ശദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇതുമൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) വാങ്ങിയിരുന്നു.

(സി) സർക്കാർ പുറംപോക്കിൽപ്പെട്ടതും കണയന്നൂർ താലൂക്കിൽ ഇളംകുളം വില്ലേജിൽ സർവ്വേ നമ്പർ 230/2-ൽ 11.15 സെന്റ് ഭൂമി ബോർഡ് പതിച്ച് വാങ്ങുകയും പുറംപോക്ക് ഭൂമിയോട് തൊട്ട് ചേർന്നുള്ള വസ്തുവിന്റെ ഉടമയായ ശ്രീ. എം. എം. മുഹമ്മദ് ഉസ്മാൻ കോയയിൽ നിന്നും 16 സെന്റ് വസ്തു 20-5-1991-ൽ വിലയ്ക്ക് വാങ്ങുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly